**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **28.11.2018 ൽ**

**ചോദ്യം നമ്പർ: 128.** **മറുപടിക്ക്**

# പിങ്ക് പോലീസ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| **(എ)** സംസ്ഥാനത്ത് പിങ്ക് പോലീസിന്റെ ശ്രമഫലത്താൽ മാത്രം എടുത്തിട്ടുള്ള കേസ്സുകളുടെ എണ്ണത്തിൽ വൻവർദ്ധന ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പിങ്ക് പോലീസിന്റെ ശ്രമഫലത്താൽ മാത്രം എടുത്തിട്ടുള്ള കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിങ്ക് പോലീസ് നേരിട്ട് കേസ് രജിസ്റ്റർ ചെയ്യുന്നില്ല. പട്രോളിംഗിനിടയിൽ കാണപ്പെടുന്ന കുറ്റകൃത്യങ്ങൾ അതാത് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തുവരുന്നു. |
| **(ബി)** എങ്കിൽ പിങ്ക് പോലീസ് സംവിധാനം ഏർപ്പെടുത്തിയത് മുതൽ നാളിതുവരെയായി എന്ത് തുക പ്രസ്തുത സംവിധാനത്തിലെ പോലീസുകാരുടെ ശമ്പള ഇനത്തിലും ഇതിലേക്ക് മാത്രമായ വാഹന ഇന്ധന ഇനത്തിലും ചെലവായെന്ന കണക്ക് ലഭ്യമാക്കുമോ; | (ബി) | പിങ്ക് പോലീസിന് മാത്രമായി അംഗസംഖ്യ അനുവദിച്ച് നൽകിയിട്ടില്ല. പോലീസ് ഉദ്യോഗസ്ഥരുടെ ദൈനംദിന ഡ്യൂട്ടിയുടെ ഭാഗമായാണ് പിങ്ക് പോലീസിൽ സേവനം അനുഷ്ഠിക്കുന്നത്. ആയതിനാൽ പ്രത്യേകമായി അവർക്ക് ശമ്പളം അനുവദിച്ച് നൽകുന്നില്ല. വാഹനങ്ങളുടെ ഇന്ധനത്തിനായി 82,25,122.86 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| **(സി)** പിങ്ക് പോലീസ് സേനയുടെ വിന്യാസം മറ്റ് ജില്ലകളിലേക്കും സത്വരം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | നിലവിൽ 14 പോലീസ് ജില്ലകളിൽ പിങ്ക് പോലീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. നാഷണൽ എമർജൻസി റസ്പോൺസ് സിസ്റ്റം (NERS) എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ പിങ്ക് പോലീസ് തൽക്കാലം മറ്റ് ജില്ലകളിലേയ്ക്ക് നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ